**ഇഹ്സാൻ**

# മുഖർജിക്ക് റഷ്യയിൽ സംഭവിച്ചത്

**കേന്ദ്ര** സർക്കാറിൽ പ്രതിരോധമന്ത്രിയായിരുന്ന കാലത്ത് റഷ്യയിൽ സന്ദർശനം നടത്തിയ പ്രണബ്കുമാർ മുഖർജിക്ക് ഷെറമത്യോവ് വിമാനത്താവളത്തിൽ ലഭിച്ച ചുവപ്പു പരവതാനി സ്വീകരണം ആരും മറന്നിട്ടുണ്ടാവില്ല. പോയവാരം റഷ്യ സന്ദർശിച്ച നിലവിലുള്ള പ്രതിരോധമന്ത്രി എ.കെ. ആന്റണിക്കും അത്ര മോശമെന്ന് പറയാനാവാത്ത മട്ടിൽ സ്വീകരണം ലഭിച്ചതായാണ് വിവരം. അതേ സമയം വിദേശകാര്യമന്ത്രിയെന്ന നിലയിൽ നടത്തിയ ഒടുവിലത്തെ സന്ദർശനത്തിൽ മുഖർജിയെ ഉദ്യോഗസ്ഥർ പതിവ് സുരക്ഷാ പരിശോധനകൾക്ക് വിധേയമാക്കിയത്രെ. സാധാരണ യാത്രക്കാരുടെ കാര്യത്തിൽ ചെയ്യുന്നതുപോലെ അദ്ദേഹത്തിന്റെ പോക്കറ്റും കോട്ടുമൊക്കെ പരിശോധിക്കുകയും മെറ്റൽ ഡിറ്റക്ടറിലൂടെ കടത്തിവിടുകയും ചെയ്തുവെന്നാണ് മാധ്യമങ്ങൾ പറയുന്നത്. ഇങ്ങനെ സംഭവിച്ചിട്ടില്ലെന്ന് കോൺഗ്രസ് വക്താവ് വീരപ്പ മൊയ്‌ലി ദൽഹിയിൽ വിശദീകരിച്ചെങ്കിലും മുഖർജിക്ക് നേരിട്ട പ്രയാസങ്ങളിൽ റഷ്യ മാപ്പ് ചോദിച്ചതായി മോസ്കോയിൽനിന്നുള്ള ചില റിപ്പോർട്ടുകളിൽ കാണാനുണ്ട്.

പ്രസിഡന്റ് വ്ളാദിമിർ പുടിനെയും റഷ്യൻ വിദേശകാര്യമന്ത്രി സെർജി ലവ്റോവിനെയും മോസ്കോയിൽ കേന്ദ്രമന്ത്രി സന്ദർശിക്കുമെന്ന് മുഖർജിയുടെ യാത്രക്കു മുന്നോടിയായി വിദേശകാര്യ മന്ത്രാലയം നടത്തിയ വാർത്താ സമ്മേളനത്തിൽ അറിയിച്ചിരുന്നു. ഈ കൂടിക്കാഴ്ചകൾ നടന്നില്ല എന്നു മാത്രമല്ല ലവ്റോവുമായി ഫോണിൽ ബന്ധപ്പെടാൻ പോലും മുഖർജിക്ക് കഴിഞ്ഞിരുന്നില്ല. മുഖർജി റഷ്യയിലുള്ള സമയത്ത് ലവ്റോവ് അമേരിക്കൻ വിദേശകാര്യ മന്ത്രി കോണ്ടലീസ റൈസുമായും പ്രതിരോധ മന്ത്രി റോബർട്ട് ഗേറ്റ്സുമായും തിരക്കിട്ട ചർച്ചകളിലായിരുന്നു. വ്ളാദിമിർ പുടിൻ ആകട്ടെ ഇറാൻ സന്ദർശനത്തിന്റെ തിരക്കിലും. ഈ കാലയളവിൽ ഇന്ത്യയുടെ വിദേശകാര്യമന്ത്രി എന്തിന് റഷ്യയിൽ പോയി എന്നതാണ് കൂടുതൽ ആശയക്കുഴപ്പത്തിനിടയാക്കുന്നത്. ഒരേ സമയത്ത് രണ്ട് സുപ്രധാന വിദേശനേതാക്കളെ സ്വീകരിക്കുക മിക്ക രാജ്യങ്ങളുടെയും പതിവല്ല. ബി.ജെ.പി വക്താവ് പ്രകാശ് ജാവദേക്കർ ചോദിച്ച ചോദ്യമാണ് പ്രസക്തമാവുന്നത്. റഷ്യക്ക് അഹിതകരമായ എന്തെങ്കിലും പ്രവൃത്തി ഇന്ത്യ ചെയ്തതായിരുന്നോ പ്രശ്നം, അതല്ല മുഖർജിയുടെ സന്ദർശനത്തെ കുറിച്ച് ആവശ്യമായ വിവരങ്ങൾ നൽകുന്നതിൽ നമ്മുടെ മന്ത്രാലയം വീഴ്ചവരുത്തിയതോ? എന്തായാലും മടക്കയാത്രയിലാണ് പറയപ്പെട്ട സുരക്ഷാ പരിശോധന നടന്നതെന്നാണ് റിപ്പോർട്ടുകളിൽ കാണുന്നത്. നയതന്ത്ര പ്രതിഷേധം പ്രകടിപ്പിക്കാനാണ് ഈ ദേഹപരിശോധനയെങ്കിൽ റഷ്യയിലേക്ക് ഇറങ്ങിവരുമ്പോഴാണ് അത് നടത്തേണ്ടിയിരുന്നത്. തിരിച്ചുപോകുന്ന ഒരാളെ റഷ്യ പരിശോധിച്ചു എന്ന വാർത്തയിൽതന്നെ സാങ്കേതികമായി ഉൾക്കൊള്ളാനാവാത്ത എന്തോ അവ്യക്തതയുണ്ട്.

അടുത്ത വർഷം 60 തികയുന്ന ഇന്ത്യാ-റഷ്യാ സൗഹൃദഗാഥയിൽ അപസ്വരങ്ങൾ രൂപപ്പെടുന്നുവെന്ന പ്രചാരണം മുഖർജി സംഭവത്തിനു ശേഷം കൊണ്ടുപിടിക്കുന്നുണ്ട്. അമേരിക്കയുമായി ഉണ്ടാക്കിയ ആണവകരാറിൽനിന്ന് ഇന്ത്യ പിന്നാക്കം പോയതിന്റെ അന്താരാഷ്ട്ര തിരിച്ചടിയായും ഇതിനെ വ്യാഖ്യാനിക്കുന്നവരുണ്ട്. അമേരിക്കയുമായി ഇന്ത്യ ആണവകരാർ ഒപ്പിടാത്തതിൽ റഷ്യക്ക് എന്താണ് പ്രശ്നമെന്ന ചോദ്യത്തിന് 'പയറഞ്ഞാഴി' മട്ടിലൊരു മറുപടിയും കാണാനുണ്ട്. അമേരിക്കയുമായി കരാറിലൊപ്പിടുന്നതിലൂടെ അന്താരാഷ്ട്ര ആണവോർജ ഏജൻസി ഇന്ത്യക്ക് നൽകുന്ന അംഗീകാരം ചില ആയുധ ഇടപാടുകൾക്ക് റഷ്യയെ സഹായിക്കുമത്രെ. റഷ്യക്ക് വൻ സാമ്പത്തികനേട്ടം ഉണ്ടാക്കുന്ന ഈ ഇടപാടുകൾ നീണ്ടുപോകുന്നത് അവരെ ചൊടിപ്പിച്ചതിന്റെ ഭാഗമായാണ് ലവ്റോവ് മുഖർജിയെ കാണാൻ കൂട്ടാക്കാതിരുന്നതിനും അദ്ദേഹത്തിന് നയതന്ത്രപരിരക്ഷ നിഷേധിച്ചതിനും വഴിയൊരുക്കിയതെന്നും വ്യാഖ്യാനിക്കപ്പെടുന്നുണ്ട്. ഇതല്ല മറ്റു ചില ആയുധ ഇടപാടുകളിൽ ഉഭയകക്ഷി കരാറുകൾക്ക് ഇന്ത്യ പുതിയ നിരക്കുകൾ അംഗീകരിക്കാത്തതാണ് റഷ്യയുടെ പ്രശ്നമെന്നും ആരോപണമുണ്ട്. ഇതായിരുന്നു പ്രശ്നമെങ്കിൽ 'മുണ്ടഴിച്ചു' പരിശോധിക്കേണ്ടിയിരുന്നത് ഇതേ കാലയളവിൽ റഷ്യയിലുണ്ടായിരുന്ന അറക്കപ്പറമ്പിൽ കുര്യൻ ആന്റണി എന്ന ഇന്ത്യൻ പ്രതിരോധമന്ത്രിയെ ആയിരുന്നില്ലേ? അദ്ദേഹം തന്റെ സമസ്ഥാനീയനായ റഷ്യൻ പ്രതിരോധ മന്ത്രിയെ കാണുകയും ചർച്ചകൾ നടത്തുകയും ആയുധ ഇടപാടുകളിൽ 5 ശതമാനം കണ്ട് വാർഷിക വിലവർധനവിന് ഒരുക്കമാണെന്ന കരാറിൽ ഒപ്പുവെക്കുകയുമാണ് ചെയ്തത്. പിന്നെ മുഖർജിയെ എന്തിന് പിടികൂടണം? അമേരിക്കയുമായി ആണവ കരാറിൽ ഒപ്പിടാൻ റഷ്യയും ഇന്ത്യയെ നിർബന്ധിക്കുന്നു എന്നാണ് ഈ സംഭവത്തിന്റെ രത്നച്ചുരുക്കം. റഷ്യയല്ല ഇന്ത്യയുടെ വിദേശകാര്യം തീരുമാനിക്കേണ്ടതെന്ന മറുപടിയല്ലേ അക്കണക്കിന് കേന്ദ്രസർക്കാർ പറയേണ്ടിയിരുന്നത്?

കോണ്ടലീസ റൈസും ഗേറ്റ്സും മോസ്കോയിൽ ഉണ്ടായിരുന്നത് സാഹചര്യത്തിന് സംശയത്തിന്റെ പുകമറ നൽകുന്നതിന് വഴിയൊരുക്കുന്നുണ്ട്. പക്ഷേ അതേ ആഴ്ചയിൽ ഇറാനിൽ അഹ്മദീ നിജാദ് വിളിച്ചുചേർത്ത ഉച്ചകോടിയിൽ റഷ്യയുടെ പ്രസിഡന്റ് പങ്കെടുത്തുവെന്നത് മറക്കരുത്. 60-ലേറെ വർഷങ്ങൾക്കു ശേഷമായിരുന്നു ഇറാനിൽ ഇത്തരമൊരു റഷ്യൻ നേതാവിന്റെ സന്ദർശനം. പുടിൻ തെഹ്റാനിലേക്ക് പോകുന്നതിന് തടയിടാൻ *റോയിട്ടേഴ്സ്* അടക്കമുള്ള അമേരിക്കൻ അനുകൂല മാധ്യമങ്ങൾ ആവുന്ന എല്ലാ ശ്രമങ്ങളും നടത്തിയിരുന്നു. പുടിനെ കൊല്ലാനായി മനുഷ്യബോംബുകൾ കാത്തുനിൽക്കുന്നതിന്റെ കഥകൾ വരെ അവർ പടച്ചുണ്ടാക്കി. എന്നിട്ടും റഷ്യൻ പ്രസിഡന്റ് ഇറാൻ സന്ദർശിച്ചു എന്നു മാത്രമല്ല, ഇറാന്റെ ആണവനയത്തെ അനുകൂലിച്ച് സംസാരിക്കുകയും ചെയ്തു. ഇറാനെതിരെ കൂടുതൽ ഉപരോധം വേണമെന്ന അമേരിക്കൻ പ്രമേയത്തെ റഷ്യ എതിർത്തു വോട്ടു ചെയ്തതും ഈയിടെയായിരുന്നു. 'ഇന്ത്യയുടെ കാര്യത്തിൽ അപ്പിടി, ഇറാന്റെ കാര്യത്തിൽ ഇപ്പിടി' എന്നാണോ വീറ്റോ അധികാരമുള്ള ഒരു ആണവരാജ്യത്തിന്റെ നിലപാട്? മുഖർജി കഥ വിശ്വാസ്യയോഗ്യമല്ലാതാവുന്നത് ഇവിടെയാണ്. അമേരിക്കക്കുവേണ്ടി ആരോ പെരുപ്പിച്ചുണ്ടാക്കിയ വിവാദമായാണ് ഈ സംഭവം മാറുന്നത്.

ആന്റണിയുടെയും മുഖർജിയുടെയും യാത്രകളും റഷ്യയുടെ നിലപാടുകളും സാഹചര്യത്തെളിവുകളും കൂട്ടിച്ചേർത്ത് വായിക്കുമ്പോൾ ഉയരുന്ന സംശയം മറ്റൊന്നാണ്. ഈ യാത്രകൾക്ക് കാരണമായ ധൃതി ഏതായാലും ഇന്ത്യയുടേതായിരുന്നു. മുഖർജിയുടെ യാത്രയെ പറ്റി യഥാസമയം റഷ്യൻ അധികൃതരെ ധരിപ്പിക്കുന്നതിൽ ഒരുപക്ഷേ ഉദ്യോഗസ്ഥതലത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ടാവാം. അതേതുടർന്ന് ചില അബദ്ധങ്ങൾ അവർക്കു പറ്റുകയും ചെയ്തിട്ടുണ്ടാവാം. അമേരിക്കൻ പക്ഷപാതികളും ഇടതുവിരോധികളുമായ ദേശീയമാധ്യമങ്ങൾ വീണതു വിദ്യയാക്കിയതാവാനാണ് കൂടുതൽ സാധ്യത. അങ്ങനെയല്ല, ഉണ്ടായത് ഗുരുതരമായ സംഭവമാണെങ്കിൽ അടുത്ത മാസം പ്രധാനമന്ത്രി മൻമോഹൻ സിംഗ് എന്തിന് റഷ്യൻ സന്ദർശനവുമായി മുന്നോട്ടുപോകണം? ഒരിക്കൽകൂടി അപമാനം ക്ഷണിച്ചുവാങ്ങാനോ? ■